കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.1)1472/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി:13/12/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2-1, 3-1 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.1)1472/2019 തീയതി: 13.12.19

## തൃശ്ശൂർ ജില്ലയിലെ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-02-2019 മുതൽ 17-09-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നും 01-04-2018 മുതൽ 31-03-2019 തിയ്യതി വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.09.2019 മുതൽ 28.09.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിത.ടി,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സീനത്ത്.പി.എ,<br>ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി.വിദ്യാവിക്രമൻ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിദ്യ.ഒ.കെ,ഓഡിറ്റർ |
| | ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പ്രസന്ന അനിൽകുമാർ<br>01.04.2018 മുതൽ 31.03.2019വരെ | |
| സെക്രട്ടറി | ശ്രീ.സുധാകരൻ.സി | 01.04.2018 AN മുതൽ 08.10.18 FN വരെ |
| | ശ്രീ.പി.പ്രജീഷ് | 08.10.18 ANമുതൽ 31.03.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.സഞ്ജു.സി.ആർ. | 01-04-2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സിജോ.പി.എസ്. | 01.04.2018 മുതൽ 30.06.2018 വരെ |
| | ശ്രീമതി.ഗിരിജ.പി.ബി. | 01.07.18 മുതൽ 31.07.18FN വരെ |
| | ശ്രീമതി.സിമിസെബാസ്റ്റ്യൻ | 31.07.18 AN മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.അജിത് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സുബൈദ.കെ.ജി. | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീമതി.ജ്യോതി.കെ. | 01.04.2018മുതൽ 22.05.18 FNവരെ |
| | ശ്രീമതി.ജുമൈലത്ത്. | 22.05 18 ANമുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ലിസി വർഗ്ഗീസ്. | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രധാനാദ്ധ്യാപിക, ജി.യു.പി.എസ് | ശ്രീ.രാജമണി.എൻ.കെ. | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. വടക്കുംകര | ശ്രീ.രഞ്ജിത്ത്.എം.ആർ | 01.04.2018 മുതൽ 05-04-2018 FN വരെ |
| | ശ്രീമതി. സഹല.സി.എ. | 05.04.2018 AN മുതൽ 04.09.18 വരെ |
| | ശ്രീമതി. അജിത.പി.ബി. | 05.09.18 മുതൽ 31.03.19വരെ |
| വി.ഇ.ഒ തെക്കുംകര | ശ്രീ.അമൽരാജ്. ടി.സി. | 01.04.2018 മുതൽ 05.04.2018FN വരെ |
| | ശ്രീമതി.ശ്രീദേവി.കെ.എ. | 05.04.2018AN മുതൽ 05.09.18FN വരെ |
| | ശ്രീമതി.ദീപ.എസ് | 05.09.18 AN മുതൽ 31.03.2019 വരെ |
| വി.ഇ.ഒ,വള്ളിവട്ടം | ശ്രീമതി.സിനി, കുന്നത്തു പറമ്പിൽ | 01.04.2018 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലളിത.കെ.കെ | 01.04.2018 മുതൽ 23.07.2018 വരെ |
| | ശ്രീമതി.ജയന്തി.സി.ആർ | 23.07.2018 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.പ്രേമലത.കെ.സി | 01.04.2018മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.നിഷ ചില്ലേരിൽ | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 01.08.2018 വരെ |
| | ശ്രീമതി.ഇഷ മുരളി | 02.08.18 മുതൽ 31.03.19 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>(റസീറ്റ് &പേമെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ജില്ലാപഞ്ചായത്തിൽ നിന്നും ടെന്റർ ഫീ ലഭ്യമാക്കിയിട്ടില്ല | 1-12 |
| 13 | മത്സ്യകാപ്പ് ലേലം - നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-13 |
| 14 | വാടക ബൈലോ തയ്യാറാക്കേണ്ടതാണ്. | 1-14 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്. | 1-15 |
| 16 | വസ്തുനികുതി നിർണ്ണയം : തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-16 |
| 17 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല | 1-17 |
| 18 | രശീതി പരിശോധന – അപാകതകൾ | 1-18 |
| 19 | ഡി&ഒ ലൈസൻസ് ഫീസ്-അപാകതകൾ | 1-19 |
| 20 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - അവലോകനം | 1-20 |
| 21 | പാലിയേറ്റീവ് കെയർ -4,20050/- രൂപ കെ.എം.സി.എൽ ന് കൈമാറിയെങ്കിലും മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം -നടപടികൾ സ്വീകരിച്ചിട്ടില്ല | 1-21 |
| 22 | പുറമ്പോക്ക് കയ്യേറ്റം : തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-22 |
| 23 | സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ പദ്ധതി 2017-18ൽ ആരംഭിച്ച് 2018-19ൽ സാധനങ്ങൾ വാങ്ങിനൽകിയെങ്കിലും പൂർണ്ണമായി | 1-23 |

| | | |
|---|---|---|
| | സ്ഥാപിച്ച് നൽകാതെ പദ്ധതി അവസാനിപ്പിച്ച | |
| 24 | എസ്റ്റിമേറ്റ പ്രകാരമുള്ള പ്രവൃത്തികളുടെ പൂർത്തികരണശേഷവും പാർട്ട് ബിൽ നൽകി;റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു | 1-24 |
| 25 | വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതിക്ക് കെട്ടിട നിർമ്മാണം – പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-25 |
| 26 | തൊഴിലുറപ്പ പദ്ധതി - മെറ്റീരിയൽ പർച്ചേസ്- അപാകതകൾ | 1-26 |
| 27 | സ്ഥലപരിശോധനാ റിപ്പോർട്ട് , ആസ്തി രജിസ്റ്റർ - നിരീക്ഷിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 28 | പൂർത്തീകരണസാക്ഷ്യപത്രം കൈപ്പറ്റ് രശീത് എന്നിവ ലഭ്യമാക്കിയിട്ടില്ല.- തുക തടസ്സപ്പെടുത്തുന്നു | 1-28 |
| 29 | പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം 1-ാം നില നെറ്റ് വർക്കിങ്ങ് &യു.പി.എസ് വയറിങ്ങ് -ടി.ഡി.എസ്.ഈടാക്കിയിട്ടില്ല. | 1-29 |
| 30 | മരാമത്ത് പ്രവൃത്തികൾ -സ്രോതസ്സിൽ നിന്നും ചരക്ക് / സേവന നികുതി ഈടാക്കിയില്ല. | 1-30 |
| 31 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ - അവലോകനം | 1-31 |
| 32 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല | 1-32 |
| 33 | പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് മെഷീൻ -ഉപയോഗപ്പെടുത്തിയിട്ടില്ല. | 1-33 |
| 34 | മെറ്റീരിയൽ റിക്കവറി സെന്റർ -പണി പൂർത്തീകരിച്ചിട്ടില്ല. | 1-34 |
| 35 | പകൽവീട് -വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയിട്ടില്ല. | 1-35 |
| 36 | ആധുനിക അറവുശാല -റിനോവേഷൻ വർക്കുകൾ പൂർത്തീകരിച്ചിട്ടില്ല. | 1-36 |
| 37 | അങ്കണവാടി പോഷകാഹാര പരിപാടി - ഗ്യാസ് സിലിണ്ടർ വാങ്ങൽ - രണ്ട് തവണ തുക നൽകി | 1-37 |
| 38 | അഗതി രഹിതകേരളം | 1-38 |
| 39 | ജലനിധി പദ്ധതി | 1-39 |
| | ഭാഗം -2 | |
| 40 | ഡി&ഒ ലൈസൻസ് ഫീ കുറവ് ഈടാക്കിയ തുക അടവാക്കേണ്ടതാണ് | 2-1 |
| | ഭാഗം-3 | |
| 41 | അങ്കണവാടി പൂരക പോഷകാഹാര പരിപാടി - ഗ്യാസ് സിലിണ്ടർ വാങ്ങൽ -ഒരേ ആവശ്യത്തിന് രണ്ട് തവണ തുക ചെലവഴിച്ചു-അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു | 3-1 |
| | ഭാഗം 4 | |
| 42 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-2 |
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 46 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 47 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 48 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 50 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 53 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം -1 |
| 54 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം -2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

23.02.19പുതുക്കിയ /പരിഷ്ക്കരിച്ച ബജറ്റ് 23.02.19 തിയ്യതിയിലെ 3(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് 177631869/രൂപയും ചെലവ് 172738740/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 07.05.19 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23722428 |
| വരവ് | 110030923 |
| ആകെ | 133753351 |
| ചെലവ് | 101060861 |
| നീക്കിയിരിപ്പ് | 32692490 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 21682885 | 21682885 | 19921035 | 176850 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10831000 | 10831000 | 8647070 | 2183930 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 3786000 | 3786000 | 3633575 | 152425 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4462000 | 4462000 | 4371036 | 90964 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9997000 | 9997000 | 6046661 | 3950339 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 43585 | 1546 | 45131 | 0 | 45131 |
| ദുരിതാശ്വാസനിധി | | 6761 | 240 | 7001 | 0 | 7001 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 16555047 | 16555047 | 16555047 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5188 | 417902 | 423090 | 416091 | 6999 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- | TSC | 51313 | 1100000 | 1151313 | 0 | 1151313 |
| | ICDS | 1045272 | 606831 | 1652103 | 740031 | 912072 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 703878 | 7223257 | 7927135 | 6343911 | 1583224 |
| | ജില്ലാ പഞ്ചായത്ത് | 150000 | 3634489 | 3784489 | 3121984 | 662505 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10539852 | 11748671 | 22288523 | 4273630 | 18014893 |
| | ട്രഷറി അക്കൗണ്ട് | 110052264 | 17254194 | 28306458 | 18828447 | 10399481 |

# 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 196 | 124055192 | 110 | 71242733 | 79 | 7 | 56.12 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5188 | 417902 | 423090 | 416091 | 6999 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16555047 | 16555047 | 16555047 | 0 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 10800 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 7386800 | 610 |
| വിധവാപെൻഷൻ | 19590500 | 1619 |
| വാർദ്ധക്യകാലപെൻഷൻ | 28786300 | 2379 |
| വികലാംഗപെൻഷൻ | 6145600 | 508 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 808400 | 66 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 8 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.19, 3.45ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 32643/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. ഈ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന വരവിനങ്ങളിലെ അപാകതകൾ പരിഹരിക്കേണ്ടതും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2.വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കാൻ പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്

3.പദ്ധതി രൂപീകരണ ഘട്ടം കഴിഞ്ഞ് നിർവ്വഹണം ആരംഭിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ തുടർച്ചയായി മോണിറ്ററിംഗിന് വിധേയമാക്കണം. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

4.അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.അസ്സറ്റ് രജിസ്റ്റർ നവീകരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

5.മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിഷ്ക്രിയ ആസ്തിയായി തുടരുന്ന കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താനുള്ള മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.എസ്.സി വിഭാഗത്തിനായി നിർമ്മിച്ചവ കൈമാറേണ്ടതാണ്.

6.ആധുനിക അറവുശാല, മെറ്റീരിയൽ റിക്കവറി സെന്റർ,വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതിക്ക് കെട്ടിടം എന്നീ പ്രൊജക്ടുകൾ എത്രയും വേഗം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

7.റോഡ് കണക്റ്റിവിറ്റി പ്ളാൻ, പദ്ധതി എന്നിവ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

8.വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/06/2019 | 2019 ഫെബ്രുവരി, മാർച്ച് | 19.09.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5/9/2019 മുതൽ 23.09.19 വരെ | 2014-15 മുതൽ 2018-19 | ലഭ്യമായിട്ടില്ല. |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2668101 | 2474745 | 136447 | 100244 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2668101 | 2474745 | 53712 | *100450 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (105473/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" | 2537965 | 2375397 | 111389 | 101614 |

| | | | | |
|---|---|---|---|---|
| സോഫ്റ്റ്‌വെയർ പ്രകാരം | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2537965 | 2321264 | 0 | *101692 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | * (106777/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 2.2കുടിശ്ശിക

### 2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 271524 | 272250 | 21664 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *323255 | 272250 | **21779 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (123753+215665=339418/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (22868/105X100)=21779 |

### 2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 271805 | 203396 | 130915 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 288253 | 203396 | 130935 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (85002+217664=302666/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (137482/105X100)=130935, (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡ ൻഷ്യൽ | 137484 | 14525 | 152009 | 125709 | 13895 | 139604 | 7577 | | 5229 | 1204 | 6587 |
| | നോൺ-റെസിഡ ൻഷ്യൽ | 128041 | 14995 | 143036 | 119374 | 10255 | 129629 | 5723 | | 5163 | 6567 | 13467 |
| | | | | | | | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | 295045 | 269233 | 13300 | | 20054 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 296972 | 269233 | | 272530 | 18163 |
| | | 31447+265525=296972 (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt. Cess/levies ലെഡ്ജർ 2018-19) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 - State govt. Cess/levies ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Non-Residential building | 20590 | 108157 |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ 404 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് എൻട്രികളിലായി 24.12.2018 ലും 31.03.2019 ലും മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി

ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

3. 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്).

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent from Building | 301080 | 28.11.18 | 41800125 |
| | | | 113 | 31.03.19 | 41800321 |
| 2. | തൊഴിൽ നികുതി (ട്രേഡേഴ്സ്) | 110200101-Profession Tax -Traders | 523506 | 28.11.18 | 41800128 |
| | | | 58894 | 31.03.19 | 41800319 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 ലൈബ്രറി രജിസ്റ്റർ

6 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

8 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 121243 |
| 280100104-Prior period income-Property tax on non residential buildings | 15235 |
| 280100102-Prior period income-Profession Tax, Institutions/Traders | (20980) |
| 280200401-Prior period income-Other income | (7850) |
| 280800101-Prior period-Establishment expenses | (5000) |
| 280800501-Prior period- Programme expenses | 13079 |
| 280100103-Prior period income - Advertisement Tax | 41000 |
| 280200402-Prior period income-Recovery of unutilised grants | 3,00,000 |
| 280800201-Prior period income-Administrative expense | (19) |

7. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

9. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 89,70,062/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 99,20,591/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

# 1-12 ജില്ലാപഞ്ചായത്തിൽ നിന്നും ടെന്റർ ഫീ ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണുള്ളത്. പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ടെണ്ടർ ഫോമിന്റെ വില | ആകെ |
|---|---|---|---|
| 87/19 | 1 | 1000 | 1000 |
| 92/19 | 1 | 1000 | 1000 |
| 93/19 | 2 | 1000 | 2000 |
| 94/19 | 2 | 1000 | 2000 |
| 95/19 | 2 | 1000 | 2000 |
| 96/19 | 2 | 1000 | 2000 |
| 102/19 | 1 | 1000 | 1000 |
| 103/19 | 2 | 1370 | 2740 |
| 104/19 | 1 | 1000 | 1000 |
| 105/19 | 2 | 1000 | 2000 |
| 106/19 | 3 | 1000 | 3000 |
| 127/19 | 2 | 1500 | 3000 |
| 114/19 | 3 | 1200 | 3600 |
| 118/19 | 2 | 1100 | 2200 |
| 119/19 | 3 | 1170 | 3510 |
| 121/19 | 3 | 1950 | 5850 |
| 112/19 | 3 | 2500 | 7500 |
| 116/19 | 2 | 2500 | 5000 |
| 104/19 | 1 | 1000 | 1000 |
| 94/19 | 2 | 1000 | 2000 |
| 212/19 | 2 | 1100 | 2200 |
| 216/19 | 2 | 2000 | 4000 |
| | | | 59600 |

ടെണ്ടർ ഫോമിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-13 മത്സ്യകാപ്പ് ലേലം - നടപടികൾ സ്വീകരിക്കേണ്ടതാണ്.

2017-18, 18-19 വർഷങ്ങളിൽ കരുമത്ര മത്സ്യ കാപ്പ് ലേലം നടന്നിട്ടില്ല. 2016-17 വർഷം 90,000/- രൂപയ്ക്ക് ഇവിടെ ലേലം നടന്നതായിരുന്നു. അതു പോലെ തന്നെ 2018-19 വർഷം കുട്ടാല, തെക്കുംകര മത്സ്യകാപ്പുകളുടെയും ലേലം നടന്നിട്ടില്ല. 2017-18 വർഷം യഥാക്രമം 65,000/-, 70,000/- രൂപയ്ക്ക് ഇവിടങ്ങളിൽ ലേലം നടന്നിട്ടുള്ളതാണ്. ഈ വിഷയത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചകൾ സംബന്ധിച്ച് വിശകലനം നടത്തുകയും അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
പ്രളയത്തെ തുടർന്ന് പുഞ്ചപ്പാലം, ചീപ്പ്ചിറ മത്സ്യകാപ്പുകളുടെ ലേലത്തുകയുടെ ഓരോ ഗഡു തുകകൾ ജനറൽ കമ്മിറ്റി തീരുമാനം യഥാക്രമം 5.10.18/10, 14.11.18/11 എന്നിവ പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. ലേലം കൊണ്ട വ്യക്തിയുടെ അപേക്ഷ പരിഗണിച്ചാണ് തീരുമാനം എടുത്തിട്ടുള്ളതായി കാണുന്നത്. എന്നാൽ നഷ്ടത്തുകയുടെ വിവരങ്ങൾ വ്യക്തമാക്കുകയോ നഷ്ടം തിട്ടപ്പെടുത്തി തുക കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ വസ്തുനിഷ്ഠമായ തീരുമാനം എടുക്കുകയോ ചെയ്തതായി ഫയലിൽ കാണുന്നില്ല. ഇത്തരം അവസരങ്ങളിൽ നഷ്ടത്തിന്റെ വ്യാപ്തി തിട്ടപ്പെടുത്തി രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-14 വാടക ബൈലോ തയ്യാറാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ 14 മുറികൾ ഉള്ളതായി ഓഡിറ്റ് എൻക്വയറി നം.1/23.09.19 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന രണ്ട് മുറികൾ വാടകക്ക് നൽകുന്നതിനും ബൈലോ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.
കമ്മ്യൂണിറ്റി ഹാൾ വാടകക്ക് നൽകുന്നതിന് ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

# 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

നിലവിൽ ഗ്രാമപഞ്ചായത്തിൽ 5 മൊബൈൽ ടവറുകൾ സ്ഥിതി ചെയ്യുന്നുണ്ട്. ആയതിൽ വയർലെസ് ടിടി ഇൻഫോ സർവ്വീസ് ലിമിറ്റഡ്, ബി.എസ്.എൻ.എൽ ടവർ, റിലയൻസ് ഇൻഫോകോം ലിമിറ്റഡ് എന്നിവയ്ക്ക് താഴെപ്പറയും പ്രകാരം വസ്തുനികുതി കുടിശ്ശിക ഉണ്ട്.

| കെട്ടിട നം | മൊബൈൽ ടവറിന്റെ പേര് | വസ്തുനികുതി കുടിശ്ശിക (വസ്തുനികുതി + ലൈബ്രറി സെസ്സ്) | കാലയളവ് |
|---|---|---|---|
| 4/ 333 എ | വയർലെസ് ഇൻഫോ സർവ്വീസ് ലിമിറ്റഡ് | 9025/- (8595 + 430) | 2018-19 |
| 12/398 | ബി.എസ്.എൻ.എൽ | 35280/- (33600 + 1680) | 2013-14 മുതൽ 2018-19 വരെ |
| 20/525 ബി | റിലയൻസ് ഇൻഫോകോം | 48590/- (46276 + 2314) | 2013-14 മുതൽ |

| | | | |
|---|---|---|---|
| | ലിമിറ്റഡ് | | 2018-19 വരെ |

(ഓഡിറ്റ് എൻക്വയറി 15 തീയതി 27.09.2019)

മേൽ വിഷയത്തിൽ നൽകിയ അന്വേഷണക്കുറിപ്പിന് ടി കെട്ടിടങ്ങൾക്ക് കുടിശ്ശിക ഈടാക്കുന്നതിനു വേണ്ടി ആർ.ആർ നോട്ടീസ് അയച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. മേൽ തുക എത്രയും പെട്ടെന്ന് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-16 വസ്തുനികുതി നിർണ്ണയം : തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഫയൽ നം. A4/12166/17, A4/7550/18 ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന വിഷയങ്ങൾ കാണുന്നു.

വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിലെ 9/232 നമ്പർ കെട്ടിടം (കടലായി മഹല്ല് ജമാ അത്ത് കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം) മതപഠനശാലയായും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2013-14 മുതൽ 2017-18 വരെയുള്ള വസ്തുനികുതികുടിശ്ശികത്തുകയായ 30526/- രൂ (25140/- + 5386 (പിഴ)) ഈടാക്കുന്നതിനു വേണ്ടി 23.10.2017/ A4- 9457 നം.ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർന്ന് ടി കെട്ടിടം വിദ്യാഭ്യാസ ആവശ്യത്തിന് ഉപയോഗിക്കുന്നതിനാൽ കെട്ടിട നികുതി ഒഴിവാക്കിത്തരുന്നതിനുള്ള കക്ഷിയുടെ അപേക്ഷ ലഭിച്ചതിൻ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ടി കെട്ടിടം അളന്നു തിട്ടപ്പെടുത്തിയിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ(AE) റിപ്പോർട്ട് പ്രകാരം ടി കെട്ടിടത്തിന്റെ വസ്തുനികുതി താഴെപ്പറയും വിധം പുനർ നിർണ്ണയിച്ചതായി ഫയലിൽ കാണുന്നു.

| കെട്ടിട നം. | ഉപയോഗ ക്രമം | വസ്തുനികുതി നിർണ്ണയ രജിസ്റ്ററർ പ്രകാരം നിലവിലെ അളവ് | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നിലവിലുള്ള നികുതി | AE റിപ്പോർട്ട് പ്രകാരം പുതിയ അളവ് | പുതുതായി നിർണ്ണയിച്ച വസ്തുനികുതി |
|---|---|---|---|---|---|
| 9/232 | ഓഫീസ് | 133 $m^2$ | 5028 | 19.59 $m^2$ | 742 |
| 9/233 | ഹാൾ | 115 $m^2$ | ഇല്ല | 521.03 $m^2$ | 14772 |
| 9/234 | ക്ലാസ് മുറി | 79 $m^2$ | ഇല്ല | 60.8 $m^2$ | ഇല്ല |
| 9/235 | കടമുറി | 30 $m^2$ | ഇല്ല | 43.56 $m^2$ | 1236 |

വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018/5403/08 അഭ്യർത്ഥന പ്രകാരം കെട്ടിടത്തിന്റെ നികുതിയിനത്തിൽ 32110/- രൂപയും പലിശയും പിരിക്കുന്നതിന് അനുബന്ധ റിക്കവറികൾ ആരംഭിച്ചിട്ടുള്ളതായി മുകുന്ദപുരം തഹസിൽദാരുടെ D5-5304/2018/ 04.02.2019, D5-5304/2018/ 20.07.2019 കത്തുകൾ പ്രകാരം കാണുന്നുണ്ട്. 05.10.2018 ലെ പഞ്ചായത്ത് ഭരണസമിതിയുടെ 25-ാം നമ്പർ തീരുമാനപ്രകാരം 9/232 -ാം നമ്പർ കെട്ടിടം വിവാഹാവശ്യത്തിന് നൽകുന്നതല്ലെന്ന ഉറപ്പ് ലഭ്യമാകുന്ന മുറയ്ക്ക് ടി കെട്ടിടത്തിന് നികുതി ഇളവ് പരിഗണിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ടി തീരുമാനത്തിന്റെ വിവരം കെട്ടിട ഉടമയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

മേൽവിഷയത്തിൽ അന്വേഷണക്കുറിപ്പ് നൽകിയതിൽ (ഓഡിറ്റ് എൻക്വയറി 8 തീയതി 24.09.2019) 9/232, 9/233, 9/234, 9/235 എന്നീ കെട്ടിടങ്ങളുടെ വസ്തുനികുതി അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനയിൽ പുനർനിർണ്ണയിച്ച പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണെന്നും റവന്യൂറിക്കവറിക്കായി നോട്ടീസ് നൽകിയ

32110/- രൂപയും പലിശയും അടവാക്കിയതിന ശേഷം മാത്രമേ കെട്ടിട നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുകയുള്ളൂ എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

മേൽവിഷയത്തിൽ വ്യക്തമായ പരിശോധനകളും അന്വേഷണങ്ങളും നടത്തിയതിനുശേഷം വസ്തുനികുതി നിർണ്ണയിച്ചതിന്റെയും ഈടാക്കിയതിന്റെയും തുടർനടപടികൾ അറിയിക്കേണ്ടതാണ്. കൂടാതെ റവന്യൂറിക്കവറി നടപടി തുടർവിവരങ്ങളും അറിയിക്കേണ്ടതാണ്.

# 1-17 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. 2018-19 സാമ്പത്തിക വർഷത്തിൽ ആകെ 452 പുതിയ പെർമിറ്റുകൾ (കൂട്ടിച്ചേർക്കാനുള്ളതും റഗുലറൈസ് ചെയ്യുന്നതുമുൾപ്പെടെ) അനുവദിച്ചിട്ടുണ്ട്. ആയതിൽ പല കെട്ടിടങ്ങളുടെയും F.A.R(തറ വിസ്തീർണ്ണാനുപാതം), അടവാക്കിയിട്ടുള്ള പെർമിറ്റ് ഫീസ്, രാജിയാക്കൽ ഫീസ് എന്നിവ രേഖപ്പെടുത്തുന്നില്ല. ടി രജിസ്റ്ററിൽ പെർമിറ്റ് കൊടുക്കുന്നതു വരെയുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. കെട്ടിടങ്ങളുടെ പണി പൂർത്തീകരിച്ചതിന്റെയോ നികുതി നിർണ്ണയിച്ചതിന്റെയോ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ നിന്നും ലഭ്യമല്ലാത്തതിനാൽ പണി പൂർത്തിയാക്കി നികുതി നിർണ്ണയിച്ചിട്ടുണ്ടോ എന്ന് ഉറപ്പിക്കാനാവുന്നില്ല. പ്രത്യേകിച്ച് കൂട്ടിചേർക്കാൻ പെർമിറ്റ് എടുത്ത കെട്ടിടഭാഗങ്ങൾക്ക് കംപ്ലീഷൻ റിപ്പോർട്ട് ചെയ്യപ്പെടാതെയിരുന്നാൽ നികുതി റിവൈസ് ചെയ്യാത്തതുമൂലം വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കാൻ സാധ്യതയുണ്ട്. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 3 തീയതി 23.09.2019)

# 1-18 രശീതി പരിശോധന – അപാകതകൾ

ഗ്രാമപഞ്ചായത്തിലെ രശീതി പുസ്തകങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

| രശീതി ബുക്ക് നമ്പർ | അപാകത |
|---|---|
| 6438 | ക്രമനം.23 വരെ രശീതികൾ ഉപയോഗിച്ചു. ബാക്കി 24 മുതൽ 100 വരെയുള്ളവ ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല. |
| 6439 | ക്രമനം.99 വരെ രശീതികൾ ഉപയോഗിച്ചു. ക്രമനം.100 രശീതി ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല. |
| 41495 | ക്രമനം.46 വരെ രശീതികൾ ഉപയോഗിച്ചു. ബാക്കി 47 മുതൽ 100 വരെയുള്ളവ ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല. |
| 6450 | ക്രമനം. 15 മുതൽ 17 വരെ രശീതികളിൽ Double sided carbon ഉപയോഗിച്ചിട്ടില്ല. |

ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതും രശീതി ഉപയോഗിക്കുമ്പോൾ ഡബിൾസൈഡ് കാർബൺ ഉപയോഗിക്കേണ്ടതുമാണ്. സാംഖ്യ രശീതികളുടെ കാൻസൽഡ് റസീറ്റ് റിപ്പോർട്ട് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഡേബുക്ക്, കാഷ് ബുക്ക് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നില്ല. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 ഡി & ഓ ലൈസൻസ് - അപാകതകൾ

(a) ഡി & ഓ ലൈസൻസ് എന്നത് സ.ഉ(പി) 80/2017 തസ്വഭവ തീ.31.10.2017 പ്രകാരം FACTEOS എന്ന് നാമകരണം ചെയ്യുകയും ഫീസ് ഈടാക്കുന്നതിന് മൂലധന അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ മൂലധനവിവരം രേഖപ്പെടുത്തുകയോ പരിശോധനാ കുറിപ്പിൽ അത്തരം വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 18 പട്ടിക III പ്രകാരം ഫീസ് ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിവരം നിലവിൽ ഡി & ഓ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. സ്ഥാപനം അടവാക്കിയ തുകയുടെ മുഴുവൻ വിവരവും ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.

(b) ഡി & ഓ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ വജ്ര റബ്ബർ പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 1284 HP യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിയാണ് നൽകിയതായി കാണുന്നത്. എന്നാൽ ഇതിനുള്ള ഫീസായി 5,000/- രൂപ മാത്രമാണ് ഈടാക്കി കാണുന്നത്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 18, പട്ടിക III പ്രകാരം 12,840/- രൂപ ഈടാക്കേണ്ടിയിരുന്നതാണ്. കുറവ് വന്ന 7,840/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-20 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - അവലോകനം

കൃഷി ഓഫീസർ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പദ്ധതിയുടെ പേര് | ചെലവ് തുക | പദ്ധതി വിവരം |
|---|---|---|---|---|
| 1 | 25/19 | സമഗ്ര പുരയിടകൃഷി | 15,76,666/- | 709 പേർക്ക് ജൈവവളം വാങ്ങിയ ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 75% സബ്സിഡി നൽകി |
| 2 | 26/19 | പുഷ്പകൃഷി | 42,667/- | 10 സെന്റിൽ കുറയാതെ പുഷ്പ കൃഷി ചെയ്യുന്ന വനിതകൾക്ക് ചെണ്ടുമല്ലി തൈകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം 6 രൂപ നിരക്കിൽ 7111 ചെണ്ട് മല്ലി തൈകൾ 41 വനിതകൾക്കായി വിതരണം നടത്തിയിരിക്കുന്നു. |
| 3 | 27/19 | കിഴങ്ങ് കൃഷി | 1,50,000/- | 156 പേർക്ക് കിഴങ്ങ് വർഗ്ഗ വിത്തുകൾ നൽകി |
| 4 | 28/19 | തെങ്ങിൻ തൈ വിതരണം | 1,10,000/- | 1100 തൈകൾ 239 പേർക്കായി വിതരണം |

| | | | | |
|---|---|---|---|---|
| | | | | നടത്തി |
| 5 | 29/19 | തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ | 1,50,000/- | 5 ഹെക്ടർ തരിശ് ഭൂമി പച്ചക്കറികൃഷി യോഗ്യമാക്കുന്നതിനുള്ള കൂലിച്ചെലവായി 15 ഗ്രൂപ്പുകൾക്ക് തുക കൈമാറി |
| 6 | 30/19 | ജൈവപച്ചക്കറികൃഷി | 4,40,000/- | 194 ഗുണഭോക്താക്കൾക്ക് പച്ചക്കറി തൈകൾ വിതരണം നടത്തി പത്രിക തയ്യാറാക്കിയിട്ടുണ്ട്. 179 ഗുണഭോക്താക്കൾക്ക് കൂലിച്ചെലവിനത്തിൽ തുക കൈമാറി |
| 7 | 31/19 | സമഗ്ര ധാന്യ കൃഷി വികസനം | 18,00,000/- | 167 പേർക്ക് 3,00,000/- രൂപയുടെ നെൽവിത്ത് നൽകുകയും ബാക്കി തുക കൂലിച്ചെലവ് സബ്സിഡിയായി നൽകുകയും ചെയ്തു. |

പദ്ധതി പൂർത്തീകരിച്ചപ്പോൾ മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം പദ്ധതി വിഭാവനം ചെയ്ത രീതിയിലുള്ള ഗുണങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശകലനം നടത്തി ആയത് രേഖപ്പെടുത്തിയതായി കാണുന്നില്ല. പദ്ധതികളുടെ ഫലപ്രാപ്തി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയും ആയത് പഠനവിധേയമാക്കി തുടർപ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുമാണ്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ജനോപകാരപ്രദമായ പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും ഫലപ്രദമായി നടപ്പാക്കുന്നതിനും നൂതന ആശയങ്ങൾ ആവിഷ്കരിക്കുന്നതിനുമുതകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

# 1-21 പാലിയേറ്റീവ് കെയർ -4,20050/- രൂപ കെ.എം.സി.എൽ ന് കൈമാറിയെങ്കിലും മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം -നടപടികൾ സ്വീകരിച്ചിട്ടില്ല

പ്രോജക്ട് -പാലിയേറ്റീവ് കെയർ

പ്രോജക്ട് നമ്പർ - 67/19

നിർവ്വഹണം -മെഡിക്കൽ ഓഫീസർ പി.എച്ച് .സി

ബിൽ നമ്പർ -5/18-19,05/01/19/ 420050/-

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി മേൽ തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട് (PNB account number 3624001800000019).പ്രഫോർമ ഇൻവോയിസ് നമ്പർ PRF3199/13.12.18

/400000/-,PRF3196/13.12.18/ബിൽ തുക 41832/-നൽകിയത് 20050/-

മേൽ തുകയുടെ മരുന്ന് ലഭിച്ചിട്ടില്ലയെന്നാണ് ഓഡിറ്റ് എൻക്വയറി നം.7/24.9.19 നള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിതായി കാണുന്നില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി സ്റ്റോക്ക് എൻട്രി വരുത്തി രേഖകൾ ഓഡിറ്റിന് ലഭ്യാമാക്കേണ്ടതാണ്.

# 1-22 പുറമ്പോക്ക് കയ്യേറ്റം : തുടർ നടപടി സ്വീകരിക്കേണ്ടതാണ്

മുകുന്ദപുരം താലൂക്കിൽ പൈങ്ങോട് ദേശത്ത് സർവ്വേ നം. 833/2 ൽ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി കയ്യേറ്റം സംബന്ധിച്ച് സ്വകാര്യവ്യക്തിയുടെ പരാതി ലഭിച്ചതിനെ തുടർന്ന് തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 57369/ആർ.സി.4/2010ത.സ്വ.ഭ.വ. നം. കത്ത് പ്രകാരം ക്ഷേത്രഭൂമിയുടെയും പുറമ്പോക്ക് ഭൂമിയുടെയും അതിരുകൾ നിർണ്ണയിച്ചുനൽകാൻ മുകുന്ദപുരം താലൂക്ക് സർവ്വെയറോട് ആവശ്യപ്പെട്ടതായും സർവ്വേ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാലുടൻ ക്ഷേത്രഭൂമിയിലോ പുറമ്പോക്ക് ഭൂമിയിലോ കയ്യേറ്റമുണ്ടെങ്കിൽ ആയത് ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തതായി അറിയിച്ചിട്ടുണ്ട്. പരാതി വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് മറുപടി നൽകാൻ 19.06.2018 ലെ ബി 4-18787/18 നം. കത്ത് പ്രകാരം ബഹു.ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 28.07.2018 ലെ 38-ാം നമ്പർ തീരുമാനപ്രകാരം കയ്യേറ്റം കണ്ടെത്തുന്നതിന് പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിന് മുകുന്ദപുരം തഹസിൽദാരോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക തനതുഫണ്ടിൽ നിന്നും ചെലവഴിക്കാനും തീരുമാനിച്ചിട്ടുണ്ട്.

മേൽവിഷയത്തിൽ അന്വേഷണക്കുറിപ്പ് നൽകിയതിൽ (ഓഡിറ്റ് എൻക്വയറി 4 തീയതി 23.09.2019) 08.08.2018 ൽ എ5-6075/18 ആയി മുകുന്ദപുരം തഹസിൽദാർക്ക് തുടർനടപടിക്കായി ഗ്രാമപഞ്ചായത്തിന്റെ തീരുമാനം അറിയിച്ചെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ ത്വരിതപ്പെടുത്താനാവശ്യമായ ഇടപെടലുകൾ പഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്.

# 1-23 സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ പദ്ധതി - 2017-18ൽ ആരംഭിച്ച് 2018-19ൽ സാധനങ്ങൾ വാങ്ങിനൽകിയെങ്കിലും പൂർണ്ണമായി സ്ഥാപിച്ച് നൽകാതെ പദ്ധതി അവസാനിപ്പിച്ചു

പ്രോജക്ട് - സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

പ്രോജക്ട് നമ്പർ - 163/19 (spill over 105/18)

നിർവ്വഹണം - ഹെഡ്മിസ്ട്രസ്സ്, വള്ളിവട്ടം

അടങ്കൽ -350000/-

ചെലവ് -305386/-

വികസന സ്റ്റാന്റിങ്ങ് കമ്മറ്റി -തീരു.1/18.05.17,2/10.4.18

ഭരണ സമിതി തീരുമാനം നം.-1/27.05.17,2/23.4.18

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 6 എൽ.പി/യു.പി സ്കൂളുകൾക്ക് (ജി.യു.പി.എസ്സ് വള്ളിവട്ടം, വെള്ളാങ്ങല്ലൂർ, കാരുമാത്ര, കോണത്തുകുന്ന്, ജി.എൽ.പി.എസ്സ് കരൂപ്പടന്ന, പൈങ്ങോട് എന്നിവ) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്ന മേൽ പദ്ധതി പ്രകാരം ശുദ്ധജലം ലഭ്യമാക്കൽ, ഫാൻ, ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിനായി 2017-18 വർഷം ആരംഭിച്ച പ്രസ്തുത പദ്ധതി 2018-19 വർഷത്തിലും പൂർത്തീകരിക്കാതെ അവസാനിപ്പിച്ചു.ടി പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) സ്കൂളുകളിൽ ശുദ്ധജലം ലഭ്യമാക്കൽ, ഫാൻ, ലൈറ്റ് സ്ഥാപിക്കൽ എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി അടങ്കൽ 350000/-രൂപ.04/2017/19.09.17 ടെണ്ടർ നോട്ടീസ് പ്രകാരമുള്ള സാധന സാമഗ്രികളുടെ പട്ടിക പരിശോധിക്കുമ്പോൾ വൈദ്യുതീകരണം നടത്തി ഫാൻ, ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിനാവശ്യമായ സാമഗ്രികൾ വിതരണം നടത്തുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത് (നിലവിൽ വൈദ്യുതീകരണം നടത്തിയിട്ടില്ലയെന്നാണ് മനസ്സിലാകുന്നത്). ഇപ്രകാരം പദ്ധതി ആസൂത്രണം നടത്തുമ്പോൾ ക്ഷമതയുള്ള അധികാര കേന്ദ്രങ്ങളിൽ നിന്നോ/ഉദ്യോഗസ്ഥരിൽ നിന്നോ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിലല്ല അടങ്കൽ തുക കണക്കാക്കിയിരിക്കുന്നത്.

2)പ്രോജക്ട് രൂപീകരണ ഫോറത്തിൽ പദ്ധതി എപ്രകാരം നടപ്പാക്കണമെന്നോ, വാങ്ങൽ പ്രക്രിയ എപ്രകാരമായിരിക്കണമെന്നോ രേഖപ്പെടുത്തിക്കാണുന്നില്ല

3)കേബിൾ പോയിന്റ്, തൃശ്ശൂർ എന്ന സ്ഥാപനത്തിനാണ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്. ഈ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ലഭ്യമാക്കിയ സാധനസാമഗ്രികളുടെ ഗ്യാരന്റി /വാറന്റി വ്യവസ്ഥകൾ എപ്രകാരമെന്ന് വ്യക്തമല്ല.

4)ഈ പദ്ധതിയുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ/തീ./തുക | ഇൻവോയിസ് നമ്പർ/തീ. | തുക | തുക നൽകിയത് | |
|---|---|---|---|---|
| 1/18-19,11.6.18/47098/- | 1572/27.3.18 | 47098 | Kable point | 167 എണ്ണംട്യൂബ് സെറ്റ് അനുബന്ധ സാമഗ്രികൾ |
| 3/18-19/13.8.18/132464/- | 15109/16.3.18 | 132464 | Kable point | 97 എണ്ണം സീലിംഗ് ഫാൻ അനുബന്ധ സാമഗ്രികൾ |
| 5/18-19/16.10.18/59800/- | Fittng charge | 59800 | Baiju p.b (കരാറുകാരൻ) | ഫാൻ,ട്യൂബ് എന്നിവ ഫിറ്റ് ചെയ്യുന്നതിന് ക്വട്ടേഷൻ പ്രകാരം 1150/രൂപ ദിവസ വേതനത്തിന്(18/09/18 ലെ വികസന സ്റ്റാന്റിങ്ങ് കമ്മറ്റി തീരുമാനം) |
| 4/18-19/17.10.18/66024 | B2C/5976/18-19/14.8.18 | 53550 | Kable point | ഫാൻ,ട്യൂബ് എന്നിവ ഫിറ്റ് ചെയ്യുന്നതിന്അനുബന്ധ സാമഗ്രികൾ വാങ്ങിയതിന് |
| | | 12474 | പുളിക്കൽ ഏജൻസീസ്, കോണത്തുകുന്ന് എന്ന സ്ഥാപനത്തിൽ നിന്ന് ഫാൻ, ട്യൂബ് എന്നിവ ഫിറ്റ് ചെയ്യുന്നതിന്അനുബന്ധ | |

| | | | | |
|---|---|---|---|---|
| | | | സാമഗ്രികൾ വാങ്ങിയതിന് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകിയ തുക | |
| ആകെ | | 305386 | | |

Kable point എന്ന സ്ഥാപനത്തിന് സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ നൽകിയെങ്കിലും അവർ ലഭ്യമാക്കിയ സാധന സാമഗ്രികൾ കൂടാതെ പുളിക്കൽ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും12474/- രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

5)ജി.യു.പി.എസ് കോണത്തുകുന്ന് 28 ഫാൻ, 45 ട്യൂബ്, ജി.എൽ .പി.എസ് കരൂപ്പടന്ന 9 ഫാൻ, 20 ട്യൂബ് എന്നിവ കൈപ്പറ്റിയെങ്കിലും ആയത് സ്ഥാപിച്ചിട്ടില്ല എന്നാണ് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത് .

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.7/24.09.2019 നുള്ള മറുപടിയിൽ വിദ്യാലയങ്ങളിലെ ക്ലാസ്സ് മുറികളുടെ എണ്ണത്തിനനുസരിച്ച് ഫാനുകളുടെയും ട്യൂബുകളുടെയും എണ്ണം നിശ്ചയിച്ച് അവസ്ഥാപിക്കുന്നതിനാവശ്യമുള്ള അത്യാവശ്യം വയറിങ് എന്നതായിരുന്നു തീരുമാനമെന്നും, അംഗീകൃത ഇലക്ട്രീഷൻ എല്ലാ വിദ്യാലയങ്ങളും സന്ദർശിച്ച് ആവശ്യമായ ഫാനുകളുടെയും ട്യൂബുകളുടെയുംഎണ്ണം എടുത്തിരുന്നുവെങ്കിലും പിന്നീട് ഫണ്ടിനനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയാണ് ചെയ്തത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിരിക്കുന്നത്. കേബിൾ പോയിന്റ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ പ്രകാരം സാധനങ്ങൾ വാങ്ങിയിരുന്നു വെങ്കിലും ഫിറ്റ് ചെയ്യുന്നസമയത്ത് ആവശ്യമായി വന്ന സാധനങ്ങൾ സമയ പരിമിതിമൂലവും പുളിക്കൽ ഏജൻസീസ് എന്നസ്ഥാപനത്തിൽ നിന്നും വാങ്ങിയത് എന്നും, 4വിദ്യാലയങ്ങളിൽ ഫിറ്റ്ചെയ്യുന്നതിന് സാധിച്ചുള്ളൂവെന്നും മറ്റ് രണ്ട് വിദ്യാലയങ്ങളിൽ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലയെന്നും (നിലവിൽ സാധനങ്ങൾ സ്ഥാപിക്കുകയെന്നത്കൈപ്പറ്റിയ സ്കൂളുകളുടെ ബാധ്യതയായിമാറിയിരിക്കുന്നു) ബാക്കിയുള്ള തുക തികയാതെ വരും എന്നതിനാൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ലയെന്നും, ശുദ്ധജലം ലഭ്യമാക്കൽ എന്നത് ഫണ്ടിന്റെ അപര്യാപ്തത മൂലം നടപ്പാക്കാൻ കഴിഞ്ഞില്ലായെന്നും തുടർന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

പതിമ്മൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)നം.11/18/തസ്വഭവ തീ.29.01.18 ഖ.7.6(2) പ്രകാരം തദ്ദേശ ഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻഗണന നൽകണം എന്ന് നർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തിലെ സ്കൂളുകൾ ഇപ്പോൾ മികവിന്റെ പാതയിലാണ്. ഈ സാഹചര്യത്തിൽ മേൽ വസ്തുതകൾ പ്രകാരം വ്യക്തമായ ആസൂത്രണമോ, കൃത്യമായ എസ്റ്റിമേറ്റോ ഇല്ലാതെ പദ്ധതി നടപ്പാക്കിയത് കുറ്റകരമായ അനാസ്ഥയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് വ്യക്തമായ കാഴ്ചപ്പാടോട്കൂടി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലേക്ക്ഭരണ സമതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

ജി.യു.പി.എസ് കോണത്തുകുന്ന്, ജി.എൽ.പി.എസ് കരൂപ്പടന്ന എന്നീസ്കൂളുകളിൽ ഫാൻ, ട്യൂബ് ലൈറ്റ് എന്നിവ ഫിറ്റ് ചെയ്ത് പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് (ബന്ധപ്പെട്ട സ്കൂളുകളിലെ പ്രധാനഅധ്യാപകരുടെ റിപ്പോർട്ട് ഉൾപ്പെടെ).

# 1-24 എസ്റ്റിമേറ്റു പ്രകാരമുള്ള പ്രവൃത്തികളുടെ പൂർത്തികരണശേഷവും പാർട്ട് ബിൽ നൽകി;റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല. - തുക തടസ്സപ്പെടുത്തുന്നു.

താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾക്ക് ഫൈനൽ ബിൽ നൽകാതിരിക്കുന്നതിന് കാരണം

വ്യക്തമാക്കേണ്ടതാണ്.

1. പ്രോജക്റ്റ്നമ്പർ - 95/19

കരുപ്പടന്ന മദ്രസ റോഡ് കോൺക്രീറ്റിംഗ്

T.S - 5,00,000/-

കരാറുകാരൻ - ശ്രീ രാജേഷ് സി.എ

അടങ്കൽ - 437299

ചെലവ് - 401224

Ag.No.: 18/Ag/AE/LSGD/VIGR 18-19,21/11/18

M B N o . 64/17-18

ആകെ പ്രവൃത്തി മൂല്യം - 401224 രൂപ. റിക്കവറീസ് 26079/- കഴിച്ച്

കരാറുകാരന് നൽകിയ തുക - 3,75,145 രൂപ

ട്രഷറിബിൽ നം-23/24.1.19

അവസാന അളവെടുത്ത തിയതി - 26.12.18

ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ ഉൾപ്പെട്ട കോൺക്രീറ്റ് നടത്തിയിട്ടുള്ള റോഡിൽ, ആയത് പൊട്ടിപ്പൊളിഞ്ഞ് യാത്ര ചെയ്യാൻ ബുദ്ധിമുട്ടായതിനാൽ റീകോൺക്രീറ്റിംഗ് നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നു. ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രകാരം 180 മീ നീളത്തിൽ കോൺക്രീറ്റ് നടത്തുന്നതിനാണ് ലക്ഷ്യമിട്ടത്. M.B.No. 64/17-18 1 മുതൽ 4 വരെ അളവുകൾ പ്രകാരം 180m നീളത്തിൽ 60.28m3 കോൺക്രീറ്റ് നടത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി 100% പൂർത്തിയായ സ്ഥിതിക്ക് കരാറുകാരന് പാർട്ട് ബിൽ നൽകി ആയത് പൂർത്തികരിക്കാത്ത പ്രവൃത്തിയായി നിർത്തിയിരിക്കുന്നതിന്റെ കാരണം രേഖകൾ സഹിതം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/27.09.19) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവു തുക 3,75,145 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

2. പ്രൊജക്ട് നം - 176/19

വിവിധ അംഗൻവാടികളുടെ അറ്റകുറ്റപ്പണി (സ്പിൽ ഓവർ)

അടങ്കൽ തുക - 4,75,000 (2017-18)

സ്പിൽ ഓവർ തുക – 82339/-

പഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾക്കുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. തൻവർഷത്തിൽ പ്രവൃത്തിയൊന്നും നടന്നതായി MBയിൽ രേഖപ്പെടുത്തിയിട്ടില്ല. 2017-18-ലെ പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

T.S No. 38700/2017-18

AS No. 3/27.5.17

പൂർത്തികരണകാലാവധി - 6 മാസം

കരാറുകാരൻ - ശ്രീ. എ. ഐ വിശ്വനാഥൻ വള്ളിവട്ടം

5.10.17 ലെ 2(5) തീരുമാനം

25.9.17 ടെണ്ടർ തിയതി

6.10.17 ന് സെലക്ഷൻ നോട്ടീസ്

എഗ്രിമെൻറ് നം 21/AE/LSGD/11.10.2017

എസ്റ്റിമേറ്റ് റേറ്റ്, അഗ്രീഡ് PAC 4,74,781

സൈറ്റ് ഹാൻറ് ഓവർ ചെയ്ത തിയതി 11.10.17

വർക്ക് ഓർഡർ പ്രകാരം പണികൾ 5 മാസത്തിനുള്ളിൽ തീർക്കേണ്ടതാണെന്ന് കരാറുകാരനെ അറിയിച്ചിട്ടുണ്ട്. സൈറ്റ് ഹാൻറ് ഓവർ ചെയ്ത തിയതി വെച്ചു കണക്കാക്കുമ്പോൾ 3/18 ന് പ്രവൃത്തി പൂർത്തികരിച്ച് ഫൈനൽ ബിൽ നൽകേണ്ടതാണ് . അളവുപുസ്തകം നം. 44/17-18 പ്രകാരം അവസാന ചെക്ക് മെഷർമെൻറ് നടന്നിരിക്കുന്നത് 23.3.2018 നാണ്. ബ്ലോക്ക് അസി.എഞ്ചിനീയർ 23.3.18 ന ചെക്ക് മെഷർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ 23.3.18 ന തന്നെ CC I$^{st}$ Part Bill തയ്യാറാക്കിയതായി വ്യക്തമാകുന്നു. ആയതുപ്രകാരം

ആകെ പ്രവൃത്തി മൂല്യം - 3,92,761രൂപയിൽ റിക്കവറീസ് 17,675/- രൂപ കഴിച്ച്.

3,75,086 രൂപ കരാറുകാരന് കൈമാറി. ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള 13 ഇനം പ്രവൃത്തികളും പൂർത്തിയായിട്ടും കരാറുകാരന് ഫൈനൽ ബിൽ നൽകി കംപ്ലീഷൻ റിപ്പോർട്ട് വെക്കാതിരുന്നതിനും പദ്ധതി സ്പിൽ ഓവറാക്കി നിർത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (നം.17/27.9.19) മറുപടി നൽകിയിട്ടില്ല.

# 1-25 വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതിക്ക് കെട്ടിടനിർമ്മാണം-പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

പ്രൊജക്ട് നം . 170/19 (സ്പിൽ ഓവർ)

അടങ്കൽ തുക 20,00,000/- ( plan gen 10,00,000+ sc- 10,00,000)

ചെലവു തുക (plan gen) 936055/-

ട്രഷറി ബിൽ 36/26.03.19

M.B No. 74/17-18

M.B No. 77/17-18

കരാറുകാരൻ എ.ഐ വിശ്വനാഥൻ

Ag.No : 42/ AE/LSGD/23.3.18

19-ാം വാർഡിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ടിൽ വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതിയിൽ പെടുത്തി സിമൻറിഷ്ടിക നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്.

Etender തിയതി 1.11.2017

കുറഞ്ഞ തുക (1916491.66/-) ക്വാട്ട് ചെയ്ത കരാറുകാരൻ എ.ഐ വിശ്വനാഥന്റെ ടെണ്ടർ ഗ്രാമപഞ്ചായത്തിന്റെ 6.12.2017 ലെ 2(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ഒരു നില കെട്ടിടം മേൽക്കൂര ഷീറ്റ് ഉപയോഗിച്ച് നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ 19.12.17 ലെ 1 (3) നമ്പർ പ്രകാരം

കെട്ടിടത്തിന്റെ ഘടന മാറ്റാൻ തീരുമാനിച്ചു. തുടർവികസനത്തിനായി ഒന്നിൽ അധികം നില നിർമ്മിക്കാവുന്ന വിധത്തിൽ കോൺക്രീറ്റ് തൂണുകൾ നിർമ്മിച്ച് മേൽക്കൂര കോൺക്രീറ്റ് ആയി ഭാവി വികസന സാധ്യത നിലനിർത്തി നിർമ്മിക്കാവുന്ന വിധത്തിൽ അടങ്കൽ തുകയിൽ മാറ്റം വരുത്താതെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു. തുടർന്ന് റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി.

(TSNo. : 80039/17-18 /15.10.2018)

(Order No. LSGD/TS/17-18/91340/24.10.17)

23.3.18 ന് സൈറ്റ് ഹാൻഡ് ഓവർ നടത്തി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. Technical sanction പ്രകാരം 8 മാസമാണ് പൂർത്തികരണ കാലാവധി. ബന്ധപ്പെട്ട ഫയൽ, സ്ഥലപരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ നിരീക്ഷിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥലപരിശോധനവേളയിൽ കെട്ടിടത്തിൽ നിർമ്മാണപ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതായി കാണാൻ കഴിഞ്ഞു. 23.03.18 മുതൽ 8 മാസം കണക്കാക്കിയാൽ 2019 ജനുവരിയിലെങ്കിലും ആയത് പൂർത്തികരിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കേണ്ടിയിരുന്നു. കാലതാമസത്തിന് വിശദീകരണം നൽകുന്ന രേഖകൾ ഫയലിൽ ഇല്ല. കരാറിൽ പൂർത്തികരണ തിയതി രേഖപ്പെടുത്തിയിട്ടില്ല. കരാർ വ്യവസ്ഥ ക്രമനമ്പർ 6 പ്രകാരം കരാറുടമ്പടിയുടെ ഭാഗമായി വെച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കണം. എന്നാൽ അത്തരമൊരു കലണ്ടർ തയ്യാറാക്കിയിട്ടില്ല. കാലാവധി ദീർഘീകരണത്തിന് കരാറുകാരൻ അപേക്ഷ നൽകിയതായി രേഖയില്ല. ആയതിനാൽ ടെക്നിക്കൽ അനുമതി പ്രകാരമുള്ള പൂർത്തികരണ കാലാവധി കണക്കാക്കി കാലതാമസത്തിനുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും എഗ്രിമെന്റ് പുതുക്കിയിട്ടില്ല.

2. സ്ഥലപരിശോധനയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 3 കെട്ടിടങ്ങൾ - തൊഴിൽ പരിശീലനകേന്ദ്രങ്ങൾ (വികലാംഗർ, പട്ടികജാതി വനിത, വനിത) പ്രവർത്തിക്കാത്ത നിലയിൽ പൂട്ടികിടക്കുന്നതായി കണ്ടു. 20 ലക്ഷം രൂപ അടങ്കലിൽ ഇപ്പോൾ പണിയുന്ന കെട്ടിടം വനിതകൾക്ക് സിമൻറ് ഇഷ്ടിക നിർമ്മാണ പരിശീലനത്തിനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി എത്രമാത്രം പ്രായോഗികമാണെന്ന് വിലയിരുത്തിയതായി രേഖകൾ കാണുന്നില്ല. തൊഴിൽ പരിശീലനം ഏതു രീതിയിൽ എങ്ങനെ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന വിശദമായ റിപ്പോർട്ട് സെക്രട്ടറി ലഭ്യമാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ ആകെ ചെലവുതുക 9,36,055 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം.24/28.9.2019

# 1-26 തൊഴിലുറപ്പു പദ്ധതി - മെറ്റീരിയൽ പർച്ചേസ്- അപാകതകൾ

2018 –19 വർഷത്തെ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി വിവിധ വർക്കുകൾക്ക് മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിന് 2-6-2018 ൽ ടെണ്ടർ നടത്തി. ബന്ധപ്പെട്ട ഫയൽ, വർക്ക് ബില്ലുകൾ, മെറ്റീരിയൽസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിരീക്ഷിച്ച അപാകതകൾ താഴെ പറയുന്നു.

1. മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല. ആയതിലെ രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ആരും സാക്ഷ്യപ്പെടുത്തിയില്ല. എസ്റ്റിമേറ്റുപ്രകാരം ആവശ്യമായ അളവിലുള്ള മെറ്റീരിയൽ ഉപയോഗപ്പെടുത്തിയെന്ന് ഉറപ്പുവരുത്താനാവശ്യമായ രേഖകൾ ഇല്ല. അളവുപുസ്തകങ്ങളിൽ സ്റ്റോക്ക് രജിസ്റ്ററിലെ നിശ്ചിതപേജ് നം. റഫറൻസിനായി ചേർത്തിട്ടില്ല. സാധനങ്ങൾ വർക്ക് സൈറ്റിൽ ലഭ്യമാക്കിയതിന്റെ തിയതി, ആയത് അളവെടുത്ത് സ്റ്റോക്ക് ചെയ്ത വിവരം തുടങ്ങിയവ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ല.

2. കോൺട്രാക്ടർ ഇറക്കിയ മെറ്റീരിയൽ സംബന്ധിച്ച വൗച്ചറുകൾ, ബില്ലുകൾ, റോയൽറ്റി അടച്ച രശീത്, മെറ്റീരിയൽ സപ്ലൈ കോൺട്രാക്റ്റ് ലൈസൻസ് തുടങ്ങിയ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.

3. അളവുപുസ്തകങ്ങൾക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

4. ക്രമ നം.2 ൽ പറഞ്ഞ രേഖകൾ ലഭ്യമാക്കാത്തതിനാൽ നിയമപ്രകാരമുള്ള GST -TDS നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. 2017 ലെ GST നിയമം പ്രകാരം 2,50,000 രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റുള്ള പ്രവൃത്തികൾക്ക് 2% TDS ഉറവിടത്തിൽ തന്നെ ഈടാക്കി 1.10.2018 മുതൽ അടവാക്കേണ്ടതാണ്. (Notification No. 50/2018/ central Tax. Dt. 13.09.2018 ) വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി/ കോൺട്രാക്ടർ | എസ്റ്റിമേറ്റ് തുക/ TS/details | ഫൈനൽ ബിൽ തുക/FTO മുഖേന കോൺട്രാക്ടർക്ക് നൽകിയ തുക |
|---|---|---|---|
| 1. | തട്ടിൽ വാർഡ് റോഡ് കോൺക്രീറ്റിംഗ് (W19)<br>A.I വിശ്വനാഥൻ | 3,20,000<br>67/AE/PLTC/ VGR / 2017- 18 / 4.6.2018 | ഫൈനൽ ബിൽ തുക 2,82,100/-<br>കോൺട്രാക്ടർ 2,51,591/- |
| 2. | സാന്ത്വനം റോഡ് കോൺക്രീറ്റിംഗ് (W4)<br>T.A ബഷീർ | 4,12,000<br>101/AE/PLTC/VGR/2018-19/4.6.18 | ഫൈനൽ ബിൽ തുക 3,82,889/-<br>കോൺട്രാക്ടർ 3,37,705/- |
| 3.കുന്നത്തൂർ | കുന്നത്തൂർ അംഗൻവാടി റോഡ് കോൺക്രീറ്റിംഗ്<br>T.A ബഷീർ | 3,20,000<br>69/AE/PLTC/VGR/2018-19/ | ഫൈനൽ ബിൽ തുക 3,18,525/-<br>കോൺട്രാക്ടർ 2,51,745/- |

5. 5,5,00,000 രൂപ എസ്റ്റിമേറ്റിൽ നിർമ്മാണസാമഗ്രികളുടെ ഉൽപ്പാദനം എന്ന പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച രേഖകൾ പൂർണ്ണമല്ല. TS NO:66/AE/PLTC/VGR/2018-19/4.6.18. മേൽപ്രവൃത്തിയുടെ ഭാഗമായി നിർമ്മിച്ച സിമന്റ് കട്ടകളുടെ എണ്ണം സ്റ്റോക്കിലെടുത്തിട്ടില്ല. ആയത് ലൈഫ് ഭവനം പണിയുന്നതിനായി നൽകിയതായി പറയുന്നുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ, അനുബന്ധരേഖകൾ എന്നിവയുടെ അഭാവത്തിൽ ഉൽപ്പാദനവും വിതരണവും നടന്നോ എന്ന് ഉറപ്പുവരുത്താനായില്ല.

# 1-27 സ്ഥലപരിശോധനാ റിപ്പോർട്ട്, ആസ്തി രജിസ്റ്റർ - നിരീക്ഷിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

27.09.2019 ന് ഓഡിറ്റ് വിഭാഗം നടത്തിയ സ്ഥല പരിശോധനയിൽ ആധുനിക അറവുശാല, മിനി ഇൻഡ്ട്രിയൽ എസ്റ്റേറ്റ് - വനിത തൊഴിൽ പരിശീലനകേന്ദ്രം വെള്ളാങ്കല്ലൂർ, പൈങ്ങോട് ജി.യു.പി. സ്കൂളുകൾ, പകൽവീട് എന്നീ സ്ഥാപനങ്ങളും 2018-19 ലെ പുതിയ പ്രവൃത്തികൾ, റോഡ് കോൺക്രീറ്റിംഗ് (w11, w) കരുപ്പടന്ന മദ്രസ റോഡ്,

കടലായി കല്ലകടവ് റോഡ് എന്നിവയും കാണുകയുണ്ടായി. മേൽപ്പറഞ്ഞവയുമായി ബന്ധപ്പെട്ട പദ്ധതികളിൽ നിരീക്ഷിച്ച അപാകതകൾ ഓഡിറ്റ് അന്വേഷണങ്ങൾ മുഖാന്തിരം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

1. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പണി പൂർത്തിയായികൊണ്ടിരിക്കുന്ന വനിതാ തൊഴിൽ പരിശീലനകേന്ദ്രത്തിനു പുറമെ 3 കെട്ടിടങ്ങൾ ഉപയോഗ ശൂന്യമായി പൂട്ടിയിട്ട നിലയിൽ കാണുകയുണ്ടായി. (പഞ്ചായത്തിൽ AE സൂക്ഷിക്കുന്ന ബിൽഡിംഗ് രജിസ്റ്റർ പ്രകാരം പൈങ്ങോട് റോഡിൽ വിസ്തൃതി കൃത്യമായി രേഖപ്പെടുത്താത്ത സ്ഥലത്ത് വനിതാവ്യവസായ യൂണിറ്റ്, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിങ്ങനെ കൃത്യമല്ലാത്ത വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്) വികലാംഗർക്ക് തൊഴിൽ പരിശീലനം, എസ്.സി വനിതകൾക്ക് പരിശീലനം, വനിത തൊഴിൽ പരിശീലനം എന്നിങ്ങനെ 3 കെട്ടിടങ്ങൾ പൂട്ടിയ നിലയിലായിരുന്നു. തുറന്നു കണ്ട ഒരെണ്ണത്തിൽ നോട്ടുപുസ്തകനിർമ്മാണം പാതിവഴിയിൽ നിലച്ചതായി കണ്ടു. പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ അവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്.

മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ പഞ്ചായത്തിൻറെ ആസ്തിയായ തൊഴിൽ പരിശീലനകേന്ദ്രം / മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ എത്ര സ്ഥാപനങ്ങൾ/ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു. അവ സ്ഥാപിച്ച വർഷം കെട്ടിടങ്ങൾ ഏതു ഫണ്ടുപയോഗിച്ച് നിർമ്മിച്ച തുടങ്ങിയ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

2. പഞ്ചായത്തിൽ നിലവിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ (Land & Building)പരിശോധനയിൽ തെക്കുംകര വില്ലേജ്, പുതിയകോളനിയിൽ എസ്.സി വിഭാഗക്കാർക്ക് രണ്ട് ഫ്ലാറ്റ് ഉള്ളതായി (ക്രമനം.15, 16) രേഖപ്പെടുത്തിയിരിക്കുന്നു. ഫ്ലാറ്റ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടോ എന്ന വിവരവും അതു സംബന്ധിച്ച് പഞ്ചായത്തിൽ സൂക്ഷിക്കുന്ന രേഖകളും അടിയന്തരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-28 പൂർത്തീകരണസാക്ഷ്യപത്രം കൈപ്പറ്റ് രശീത് എന്നിവ ലഭ്യമാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

തൻവർഷം വിവിധ പദ്ധതികൾ പ്രകാരം ഗ്രാമ പഞ്ചായത്ത് വിഹിതമായി താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രശീത്, പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര്/ നം. | ബിൽ നം. /തി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | വയോജന ക്ഷേമ വിഭവ കേന്ദ്രം വിഹിതം നൽകൽ/49/19 | 03/31.05.18 | 50000/- | കൈപ്പറ്റ് രശീത് , പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 2 | എസ്.എസ്.എ .വിഹിതം (എസ്.സി.പി)/06/19 | 14/13.07.18 | 161950/- | പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 3 | എസ്.എസ്.എ .വിഹിതം നൽകൽ/05/19 | 01/31.05.18 | 700000 | പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 4 | വിജ്ഞാൻ സാഗർ വിഹിതം നൽകൽ-51/19 | 04/31.05.18 | 100000/- | കൈപ്പറ്റ് രശീത് , പൂർത്തീകരണ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | | | | എന്നിവ ഹാജരാക്കിയിട്ടില്ല |
| 5 | ഐ.കെ.എം.വിഹിതം നൽകൽ/ 02/19 | 13/13.07.18 | 106240 | പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |

വിവിധ പ്രവർത്തികൾക്ക് വേണ്ടി നൽകിയ തുകയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-29 പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം 1-ാം നില നെറ്റ് വർക്കിങ്ങ് &യു.പി.എസ് വയറിങ്ങ് -ടി.ഡി.എസ്.ഈടാക്കിയിട്ടില്ല.

വകയിരുത്തിയ തുക -350000/-(തനത് ഫണ്ട്)

പ്രോജക്റ്റ് നം. 09/19

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി.
ചെക്ക് നം. തിയ്യതി. -5679026/22.03.19 -293958

പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം 1-ാം നില നെറ്റ് വർക്കിങ്ങ് &യു.പി.എസ് വയറിങ്ങ് എന്ന പദ്ധതിക്ക് വേണ്ടി കെൽട്രോണിനെ ഏൽപ്പിക്കുകയും താഴെ പറയും പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം/തി. | തുക |
|---|---|---|
| 1 | ITGB/18-19/9738/CHN/578 dt.21.03.19 | 199117 |
| 2 | ITGB/18-19/9730/CHN/577 dt.21.03.19 | 94841 |
| | | 293958 |

സെക്ഷൻ 51(1)CGST/SGST Act പ്രകാരം ചരക്ക് /സേവന നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ നികുതി ഈടാക്കാതെ മുഴുവൻ തുകയും നൽകി.2% നികുതി ഈടാക്കി അടവാക്കേണ്ടതാണ്.

# 1-30 മരാമത്ത് പ്രവൃത്തികൾ -സ്രോതസ്സിൽ നിന്നും ചരക്ക് / സേവന നികുതി ഈടാക്കിയില്ല.

കേന്ദ്ര-സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017-ലെ വകുപ്പ് 51(1) പ്രകാരമുള്ള നോട്ടിഫിക്കേഷൻ നം. 50/18/central tax dt.13.09.18 അനുസരിച്ച് 01.10.18 മുതൽ കരാർ അടിസ്ഥാനത്തിൽ ചരക്ക്/സേവനം സ്വീകരിക്കുമ്പോൾ ദാതാവിന് പണം പൂർണ്ണമായോ ഭാഗികമായോ നൽകുന്ന സമയത്ത് കരാർ തുക GST ഉൾപ്പെടാതെ 2.5 ലക്ഷം കൂടിയാൽ സ്രോതസിൽ നിന്നും 2% ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. തൻ വർഷം നടപ്പാക്കിയ പ്രവർത്തികളുടെ കരാറുകാരിൽ നിന്നും ചരക്ക് /സേവന നികുതി ഈടാക്കിയിട്ടില്ല.

വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, നം., കോൺട്രാക്ടറുടെ പേര് | ആകെ പ്രവൃത്തി മൂല്യം/നൽകിയ തുക | ഈടാക്കേണ്ട തുക | എം.ബുക്ക് നം. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | അമരിപാടം കോഴിക്കാട് റോഡ്/177/19<br>എ.ഐ.വിശ്വനാഥൻ. | 559513<br>/528810<br>ബിൽ<br>നം.20/13.12.18 | 10390/- | 23/17-18 |
| 2 | കോണത്ത് കുന്ന് യു.പി.സ്കൂൾ<br>അറ്റകുറ്റപണി/180/19<br>എ.ഐ.വിശ്വനാഥൻ. | 597174/<br>585230<br>ബിൽ<br>നം.19/13.12.18 | 11944/- | 36/17-18 |
| 3 | തിയ്യറ്റർ പൊക്കം നോർത്ത് റോഡ്/<br>ടി.എ.ബഷീർ | 632120/<br>619478<br>ചെക്ക്<br>നം.7884378/15.11.18 | 12642 | 54/17-18 |
| 4 | ഇ.എം.എസ്.റോഡ്/109/19എ.ഐ.വിശ്വനാഥൻ. | 428833/406424<br>ബിൽ നം.തി.<br>15/31.10.18 | 8576 | 56/17-18 |

മേൽ പ്രവർത്തികളുടെ കരാറുകാരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

# 1-31 അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ - അവലോകനം

1. 2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 81 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 47 പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 42ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 81 | ആകെ അടങ്കൽ | 34968352 |
| നടപ്പിലാക്കിയത് | 47 | ചെലവ് | 16521256 |
| ശതമാനം | 58 | ചെലവ് ശതമാനം | 47 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളിൽ 21 എണ്ണം സ്പിൽ ഓവർ പ്രൊജക്റ്റുകളായിരുന്നു. എന്നാൽ അവയിൽ 3 പ്രൊജക്റ്റുകൾ ഒഴികെ ബാക്കിയെല്ലാം ഈ വർഷം തന്നെ പൂർത്തീകരിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട് . തൻവർഷം പുതുതായി അംഗീകാരം ലഭിച്ച 60 പ്രൊജക്റ്റുകളിൽ 26 എണ്ണം ഈ വർഷം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

2. ഇ- ടെണ്ടർ നടത്തിയതിലൂടെ ഗ്രാമ പഞ്ചായത്തിന് ടെണ്ടർ ഫീ ഇനത്തിൽ ലഭിയ്ക്കേണ്ട തുക എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല.

3. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്റ്റ് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്റ്റുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും

ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. നിർവ്വഹണോദ്യോഗസ്ഥൻ പ്രൊജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

5. റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നു.

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗികതലത്തിൽ വരുത്താനായില്ല.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര പരിധിയിൽ വരുന്ന റോഡുകൾ ഹൈവേയോടും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ കേന്ദ്രങ്ങളിൽ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ (ശൃംഖല) തയ്യാറാക്കാൻ പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ കണക്ടിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾക്കൊള്ളിക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കിയ മാസ്റ്റർ പ്ലാനിനെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. കണക്ടിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്തിൽ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിരുന്നത് എന്തടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമല്ല. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശ ഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

6. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.

7.എഗ്രിമെന്റ് റജിസ്റ്ററിൽ പ്രവൃത്തികൾ കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല. ടെണ്ടറുകളിൽ കരാറുകാർ ക്വാട്ട് ചെയ്യുന്ന നിരക്ക് അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റിലും പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

8.സെലക്ഷൻ നോട്ടീസിൽ നമ്പരും, അയയ്ക്കുന്ന തീയതിയും രേഖപ്പെടുത്തുന്നില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

9.കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012/PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

10.പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing etc), മറ്റെല്ലാ ഘടകങ്ങളുംസമയ പരിധി നിശ്ചയിക്കുന്നതിന്

പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005). എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല.

<u>കാലാവധി ദീർഘീകരണം (Extension of Time) & പിഴ</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്ധ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.</u>

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

11. നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-32 കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് നം. 169/19

വകയിരുത്തിയ തുക -125000/-

ബിൽ നം. തി. 45/22.03.19 -121892/-

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ.

മേൽ പ്രോജക്റ്റിന് വേണ്ടി 4.12.17 ലെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് വേണ്ടി കെൽട്രോണിന് 121892/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഇവ നാളിതു വരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ കൈകൊള്ളേണ്ടതാണ്.

# 1-33 പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് മെഷീൻ -ഉപയോഗപ്പെടുത്തിയിട്ടില്ല.

പ്രോജക്റ്റ് നം.156/18 (വികസന ഫണ്ട്)

വകയിരുത്തിയ തുക -505510/-
നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി.

പ്രോജക്റ്റ് നം.157/19(ധനകാര്യകമ്മീഷൻ)

വകയിരുത്തിയ തുക – 477433/-
നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി.
ബിൽ നം. തി. -05/31.05.18 – 477433/-

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഹരിത സേന മുഖേന വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുകയും പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് മെഷീൻ ഉപയോഗിച്ച് പൊടിക്കുകയും അവ പഞ്ചായത്ത് റോഡ് വർക്കിന് വേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. എന്നാൽ കെട്ടിടം പണിയുന്നതിന് മുൻപ് തന്നെ 2017-18,2018-19 വർഷങ്ങളിലായി ഷ്രെഡ്ഡിങ്ങ് മെഷീൻ,ബെയ്ലിങ്ങ് മെഷീൻ എന്നിവ ക്ലീൻ കേരള കമ്പനിയിൽ നിന്നും വാങ്ങി (ഇൻവോയ്സ് നം. 155/2017-18dt.26.03.18)വ്യവസായ കേന്ദ്രത്തിൽ സൂക്ഷിച്ചിരിക്കുന്ന .അറവുശാല കോമ്പൗണ്ടിൽ കെട്ടിടം പണി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല. കെട്ടിടം പണി പൂർത്തീകരിക്കുന്ന സമയം മെഷിനറിയുടെ വാറന്റി പിരീഡ് അവസാനിക്കുന്നതും ഇൻസ്റ്റലേഷൻ തുടങ്ങി മറ്റു കാര്യങ്ങൾക്ക് തുക ഇനിയും ചെലവഴിക്കേണ്ടി വരുന്ന അവസ്ഥ സംജാതമാവുകയും ചെയ്യും. എത്രയും വേഗം ഷ്രെഡ്ഡിങ്ങ് മെഷീൻ ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-34 മെറ്റീരിയൽ റിക്കവറി സെന്റർ -പണി പൂർത്തീകരിച്ചിട്ടില്ല

വകയിരുത്തിയ തുക -1500000/-

കോൺട്രാക്ടർ-എം.വി. ശിവരാമൻ.
വൗച്ചർ നം. തി. തുക -21801386/28.03.19 -892054/-
നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ.
പ്രോജക്റ്റ് നം. 204/19.

ഹരിതസേന മുഖേന കളക്റ്റ് ചെയ്യുന്ന മാലിന്യം ശേഖരിച്ച് സൂക്ഷിക്കുന്നതിനും ,പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് മെഷീൻ സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ട് തയ്യാറാക്കിയ പ്രോജക്റ്റാണിത്. കരാർ വെച്ചിട്ടുള്ളത് 23.11.18 ലാണ്. കരാർ ചമച്ച് 6 മാസം കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ല. കരാറിൽ പൂർത്തീകരണ കാലാവധി ചേർത്തിട്ടില്ല. നാളിതുവരെ പണി പൂർത്തീകരിക്കുകയോ, കാലാവധി നീട്ടി കിട്ടുന്നതിന് അപേക്ഷിക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് മെഷീന്റെ വാറന്റി പിരീയ്ഡ് കഴിഞ്ഞിട്ടുള്ളതും ബെയ്ലിങ്ങ് മെഷീന്റെ വാറന്റി പിരീയ്ഡ് കഴിയുന്നതിന് മുൻപ് ബെയ്‌ലിങ്ങ് മെഷീൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-35 പകൽവീട് -വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയിട്ടില്ല.

പ്രോജക്റ്റ് നം. -158/19

ബിൽ നം. തി. തുക -18/23.03.19 -141679/-
നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

വെള്ളാങ്കല്ലൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച പകൽവീട്ടിലേക്ക് തൻ വർഷം ഇൻവോയ്സ് നം. RHW/17-18/713/28.03.18 (തുക-141679) പ്രകാരം റബ്കോയിൽ നിന്നും കട്ടിൽ (6എണ്ണം), ഈസി ചെയർ (6എണ്ണം), ഓവൽ ടേബിൾ (1), കേരള ചെയർ (6) എന്നിവയും ഇൻവോയ്സ് നം. ST/18/-02100 dt.22.03.19 (തുക-91350) പ്രകാരം സബ്ട്രേഡിങ്ങ് കമ്പനി, പുല്ലൂറ്റ് എന്ന സ്ഥാപനത്തിൽ നിന്നും LED TV(Impex-43"), Fridge(Samsung-275 ltr) എന്നിവയും വാങ്ങി പകൽ വീട്ടിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവയെല്ലാം തന്നെ നാളിതു വരെ കവറിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ആയതിനാൽ സ്റ്റോക്ക് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. വാറന്റി കാലാവധിക്കുള്ളിൽ ആയത് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-36 ആധുനിക അറവുശാല -റിനോവേഷൻ വർക്കുകൾ പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം. 161/19

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തിയ തുക -

വികസന ഫണ്ട്-2000000/-

ബ്ലോക്ക് വിഹിതം-2000000/-

ജില്ലാ പഞ്ചായത്ത്-6000000/-

ആകെ -10000000/-
ചെക്ക് നം. 1572924/19.03.19 -1560409
„ -6717849/23.06.18 -439591/-
ബിൽ നം. തി. 02/31.05.18-2000000/-

വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച ആധുനിക അറവുശാലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ല. കുടുംബശ്രീ വഴി മൃഗങ്ങളെ അറുത്ത് ഇറച്ചി പാക്കറ്റിലാക്കി വിൽക്കുന്നതിനാണ് പ്രോജക്റ്റ് ലക്ഷ്യമിടുന്നത്. അറവുശാലയുടെ സ്ഥാപനത്തിന് ആവശ്യമായ എല്ലാ മെഷിനറികളും അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖാന്തിരം സ്ഥാപിച്ചിരിക്കുന്നു. ടി പ്രവർത്തിക്ക് 29.03.18 ലെ SILK/SFU/08-03/18/703 പ്രകാരം 9758363/ രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവർത്തി നടപ്പിലാക്കുന്നതിന് 31.03.18 ൽ സിൽക്കുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തു. ടി പ്രവർത്തിയിൽ സിവിൽ വർക്കുകളും മെക്കാനിക്കൽ വർക്കുകളും ഉൾപ്പെടുന്നു. രണ്ടു പ്രവർത്തികളും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. തൻവർഷം ഗ്രാമ പഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും 4000000/- രൂപ ട്രഷറി തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിടുകയും മേൽ പ്രകാരം 4000000/- രൂപ രണ്ടു തവണയായി സിൽക്ക്, ആലപ്പുഴക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടില്ല. സർക്കാർ ഉത്തരവ് നം.11/18/ ത.സ്വ.ഭ.വ. ഖണ്ഡിക 3.5.4 (4)പ്രകാരം മുഖ്യ പങ്കാളിയാകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനമാണ് വിശദമായ പ്രോജക്റ്റ് തയ്യാറാക്കേണ്ടത്. മറ്റ് പങ്കാളികൾ അവരുടെ വിഹിതം കൈമാറുക മാത്രമാണ് ചെയ്യേണ്ടത്. എന്നാൽ ഈ നിർദ്ദേശപ്രകാരമല്ല പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ടി കെട്ടിടത്തിൽ ഉണ്ടായിരുന്ന Metric TonneHoist,Motor for Conveyor system ,Reduction unit എന്നിവയുടെ മെയിന്റനൻസ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ റിനോവേഷൻ നടക്കുന്ന സമയത്ത് ഇവ മൂന്നും നഷ്ടപ്പെട്ടതായി സിൽക്ക് അറിയിച്ചിട്ടുണ്ട്.ആയതിന് 300000/- ൽ കൂടുതൽ ചെലവ് വരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലക്ഷങ്ങൾ വിലമതിക്കുന്ന മെഷിനറികളും അനുബന്ധ ഉപകരണങ്ങളും സൂക്ഷിച്ചിട്ടുള്ള കെട്ടിടം ലോക്ക്

ചെയ്യുന്നില്ല. ഓഡിറ്റ് വേളയിൽ ആയത് സന്ദർശിച്ചപ്പോഴും സ്ഥിതി തുടരുന്നു. റിനോവേഷന്റെ ഭാഗമായി പുതിയ ഉപകരണങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. ആസ്തി സംരക്ഷണം പഞ്ചായത്തിന്റെ ചുമതലയിൽ പെടുന്നതിനാൽ ആയത് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 31.03.18 ൽ വെച്ച എഗ്രിമെന്റ് പുതുക്കി 31.09.19 വരെ ദീർഘിപ്പിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ പണി പൂർത്തീകരിച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത് വിഹിതം കൂടി ലഭ്യമാക്കി പ്രവർത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്ത പക്ഷം തൻവർഷം ചെലവഴിച്ച തുക കൂടി പാഴ്ചെലവായി മാറും.

മേൽ പ്രോജക്റ്റ് പ്രകാരം സിൽക്കിന് അനുവദിച്ച തുകയിൻമേൽ 1% മാത്രമാണ് ഇൻകംടാക്സ് ഈടാക്കിയിട്ടുള്ളത്. സ്ഥാപനത്തിൽ നിന്നും 2% ഇൻകംടാക്സ് ഈടാക്കേണ്ടതാണ്. സ്ഥാപനത്തിന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-37 അങ്കണവാടി പോഷകാഹാര പരിപാടി -ഗ്യാസ് സിലിണ്ടർ -രണ്ടു തവണ തുക നൽകി.

പ്രോജക്ട് – അങ്കണവാടി പൂരക പോഷകാഹാര പരിപാടി

പ്രോജക്ട് നമ്പർ - 33/18-19,34/18-19 (എസ്.സി

നിർവ്വഹണം -ഐ.സി.ഡി.എസ് സൂപ്പർവൈസർ

മേൽ പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിലേക്ക് 2018 ഡിസംബർ മാസത്തിൽ ഗ്യാസ് സിലിണ്ടർ വാങ്ങിയതിന് വിവിധ അങ്കണവാടിവർക്കർമാർക്ക് ട്രഷറി ബിൽ നമ്പർ 21/18-19/21.03.19/Rs-34330/- പ്രകാരം 8261/- രൂപ നൽകിയിട്ടുണ്ട്. ഇതേ കാലയളവിലെ ഇതേ ആവശ്യത്തിന് ട്രഷറി ചെക്ക് നമ്പർ 5679024/22.3.19 പ്രകാരവും 8261/- രൂപ നൽകിയിട്ടുണ്ട്. അധികം നൽകിയ 8261/- ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| അങ്കണവാടി നമ്പർ | തുക നൽകിയ മാസം | നൽകിയ തുക |
|---|---|---|
| 45 | ഡിസംബർ | 822 |
| 47 | “ | 822 |
| 50 | “ | 932 |
| 51 | “ | 822 |
| 55 | “ | 822 |
| 56 | “ | 822 |
| 58 | “ | 822 |
| 62 | “ | 799 |
| 63 | “ | 799 |
| 106 | “ | 799 |
| ആകെ | | 8261 |

(ഓഡിറ്റ് എൻക്വയറി നമ്പർ 6/23.09.19)

# 1-38 അഗതിരഹിതകേരളം

2018-19 മുതൽ 2021-22 വരെ വർഷത്തേക്കുള്ള അഗതിരഹിതകേരളം പദ്ധതിയിൽ 126 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ചലഞ്ച് ഫണ്ട് 40,00,000/-, പൊതുവിഭാഗം വികസനഫണ്ട് 50,50,000/- മൊത്തം 90,79,000/- പദ്ധതി അടങ്കൽ വകയിരുത്തി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു.{27.02.2019ലെ തീരുമാനം നം.2(1)}. പദ്ധതി

ജില്ലാമിഷനിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും സർക്കാർ അംഗീകരിച്ചതിന്റെ വിശദാംശം ലഭ്യമായിട്ടില്ല. അഗതിരഹിതകേരളം പദ്ധതി മാർഗ്ഗരേഖ (12/12/2017 ലെ സ.ഉ(എം.എസ്)നം.252/2017/തസ്വഭവ) നിർദ്ദേശപ്രകാരം പുതിയ അക്കൗണ്ട് തുറന്ന് ആശ്രയ പദ്ധതിയിൽ ബാക്കി നില്ക്കുന്ന തുക 3,95,922/- രൂപ ഓപ്പണിംഗ് ബാലൻസായി ചേർത്തിട്ടുണ്ട്. (A/C NO:1001101187356,കനറാ ബാങ്ക്,Credit date:20.3.2019). ഫണ്ട് ലഭ്യമാക്കി നിർദ്ദേശാനുസരണം പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 1-39 ജലനിധി -പദ്ധതി

ജലനിധി -കുടിവെള്ള പദ്ധതി

ജലനിധി മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾക്ക് വേണ്ടി തൻ വർഷം താഴെ പറയും പ്രകാരമുള്ള തുക വിവിധ പ്രവൃത്തികൾക്കായി കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ചെക്ക് നം. തി. | തുക |
|---|---|---|---|
| 1 | നോർത്ത് സോൺ | 159553/24.05.18 | 2312376 |
| 2 | സൗത്ത് സോൺ | 159555/23.06.18 | 3093232 |
| 3 | വള്ളിവട്ടം താഴെ നായകുളത്തുകാട് കോളനി ഫീഡർ ലൈൻ | 159560/03.08.18 | 1859943 |
| 4 | പാലപ്രകുന്ന് പുതിയ റോഡ് പൈപ്പ് ലൈൻ | 159560/03.08.18 | 646520 |

മേൽ പ്രവർത്തികളുടെ പൂർത്തീകരണരേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവർത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾക്ക് വേണ്ടി പഞ്ചായത്ത് റോഡിൽ നടക്കുന്ന പ്രവർത്തികൾക്ക് റോഡ് റെസ്റ്റോറേഷൻ ഫീസ് അടവാക്കിയതായി കാണുന്നില്ല.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഡി & ഒ ലൈസൻസ് ഫീസ് - കുറവായി ഈടാക്കിയ തുക അടവാക്കേണ്ടതാണ്.

ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ വജ്ര റബ്ബർ പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 1284 HP യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിയാണ് നൽകിയതായി കാണുന്നത്. എന്നാൽ ഇതിനുള്ള ഫീസായി 5,000/- രൂപ മാത്രമാണ് ഈടാക്കി കാണുന്നത്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 18, പട്ടിക III പ്രകാരം 12,840/- രൂപ ഈടാക്കേണ്ടിയിരുന്നതാണ്. കുറവ് വന്ന 7,840/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 അങ്കണവാടി പൂരക പോഷകാഹാര പരിപാടി - ഗ്യാസ് സിലിണ്ടർ വാങ്ങൽ -ഒരേ ആവശ്യത്തിന് രണ്ട് തവണ തുക ചെലവഴിച്ചു-അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു

പ്രോജക്ട് -അങ്കണവാടി പൂരക പോഷകാഹാര പരിപാടി

പ്രോജക്ട് നമ്പർ - 33/18-19,34/18-19 (എസ്.സി

നിർവ്വഹണം -ഐ.സി.ഡി.എസ് സൂപ്പർവൈസർ

മേൽ പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിലേക്ക് 2018 ഡിസംബർ മാസത്തിൽ ഗ്യാസ് സിലിണ്ടർ വാങ്ങിയതിന് വിവിധ അങ്കണവാടിവർക്കർമാർക്ക് ട്രഷറി ബിൽ നമ്പർ 21/18-19/21.03.19/Rs-34330/- പ്രകാരം 8261/- രൂപ നൽകിയിട്ടുണ്ട്. ഇതേ കാലയളവിലെ ഇതേ ആവശ്യത്തിന് ട്രഷറി ചെക്ക് നമ്പർ 5679024/22.3.19 പ്രകാരവും 8261/- രൂപ നൽകിയിട്ടുണ്ട്. അധികം നൽകിയ 8261/- ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| അങ്കണവാടി നമ്പർ | തുക നൽകിയ മാസം | നൽകിയ തുക |
|---|---|---|
| 45 | ഡിസംബർ | 822 |
| 47 | “ | 822 |
| 50 | “ | 932 |
| 51 | “ | 822 |
| 55 | “ | 822 |
| 56 | “ | 822 |
| 58 | “ | 822 |
| 62 | “ | 799 |
| 63 | “ | 799 |
| 106 | “ | 799 |
| ആകെ | | 8261 |

(ഓഡിറ്റ് എൻക്വയറി നമ്പർ 6/23.09.19)

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 19.08.19 | കെ.എസ്.എ.ടി.എസ്.ആർ.(എസ്.1)- 1120/19(78) |

# 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 807357 | ലൈഫ് മിഷൻ പദ്ധതി ജനറൽ | 807357 | 0 |
| | 2018-19 | 120000 | ജൈവപച്ചക്കറി കൃഷി | 120000 | 0 |
| | 2018-19 | 900000 | നെൽകൃഷി വികസനം | 900000 | 0 |
| | 2018-19 | 82800 | ലൈഫ് പട്ടികജാതി | 0 | 82800 |
| | 2018-19 | 470400 | ലൈഫ് ജനറൽ | 470400 | 0 |
| | 2018-19 | 483600 | ലൈഫ് പട്ടികജാതി | 0 | 483600 |
| | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2018-19 | 350000 | പാലിന് സബ്സിഡി | 350000 | 0 |
| | 2018-19 | 150000 | പരിരക്ഷ പദ്ധതി | 150000 | 0 |
| | 2018-19 | 1205000 | മെറ്റീരിയൽ റിക്കവറി സെന്റർ | 892054 | 312946 |
| | 2018-19 | 75100 | ലൈഫ് ജനറൽ | 75100 | 0 |
| | 2018-19 | 379000 | ലൈഫ് ജനറൽ | 379000 | 0 |
| | 2018-19 | 2000000 | അറവുശാല | 2000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1671989 | ലൈഫ് ജനറൽ | 1660002 | 11987 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 362500 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 362500 | 0 |
| | 2018-19 | 300000 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ | 0 | 300000 |
| | 2018-19 | 200000 | അങ്കണവാടി പോഷകാഹാരം | 0 | 200000 |
| | 2018-19 | 300000 | പരിരക്ഷ പദ്ധതി | 299982 | 18 |
| | ,, | 300000 | ഭിന്ന ശേഷിക്കാർക്ക് മുച്ചക്രവാഹനം | 300000 | 0 |
| | ,, | 200000 | സമഗ്ര നെൽകൃഷി വികസനം | 200000 | 0 |
| | ,, | 300000 | പാലിന് സബ്സിഡി | 300000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ജി.ഒ(എം.എസ്)68/2018/LSGD/15.5.2018 | 12418141 | 0 | 0 | 0 | 12418141 |

# 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം - | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന | |

| | |
|---|---|
| സ്ഥിരനിക്ഷേപം | |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 330/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 19 | 180 | മായ,ലൈബ്രേറിയൻ | 118040106507/20/02/2019 |
| 2017-18 | 20 | 150 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 118040400067/15/03/19 |

# 4-8 സമാഹൃതറിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2002-03 | 8.35 | ജനകീയാസൂത്രണത്തിലെ അപാകതകൾ | തുക തിരിച്ചടവാക്കി |
| 2015-16 | | 2016-17 | അനുബന്ധം.5 2.5 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല | ,, |
| 2014-15 | | 2016-17 | 2.2 | | ,, |

# 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 110030923 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101060861 |
| വരവിനങ്ങളിലുള്ള നഷ്ടം | 7840 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8261 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2429390 |

(ബി).<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| | | | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| 2-1 | 7840 | ഇല്ല | ശ്രീ.സുധാകരൻ.സി, സെക്രട്ടറി. |
| 3-1 | ഇല്ല | 8261 | ജയന്തി.സി.ആർ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 936055 | ശ്രീമതി.സിമി സെബാസ്റ്റ്യൻ |
| 1-24-1 | 375145/- | ശ്രീമതി.സിമി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 1118190/- | ശ്രീ.സുധാകരൻ.സി,സെക്രട്ടറി. |
| | 2429390 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജയന്തി.സി.ആർ., ഐ.സി.ഡി.എസ്.സൂപ്പർവൈസർ. | വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ചെമ്മാപുള്ളി ഹൗസ്, പി.ഒ.താണിശ്ശേരി പിൻ- |
| ശ്രീ.സുധാകരൻ.സി., സെക്രട്ടറി | റിട്ടയർ ചെയ്തു | സുധാകരൻ.സി., ചാത്തുവാരത്ത് ഹൗസ്, ശ്രേയസ് നഗർ, ഒല്ലൂക്കര.പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96, 1996-97, 97-98 | എൽ.എഫ്.ടി.9-1555/98 തീയതി 16.4.99/7.7.99 |
| 98-99 | എൽ.എഫ്.ടി.9- 313/00 തീയതി 24.4.00/17.5.00 |
| 99-00 | എൽ.എഫ്.ടി.9-293/01 തീയതി 27.4.01 |
| 2000-01 | എൽ.എഫ്.ടി.9- 1608/01 തീയതി 24.8.02/14.11.12 |
| 2001-02 | എൽ.എഫ്.ടി.9- 2119/05 തീയതി 4.2.06/14.11.06 |
| 2002-03 | എൽ.എഫ്.ടി.21- 2438/07 തീയതി 2.8.08/16.10.08 |
| 2003-04 | എൽ.എഫ്.ടി.2439/07 തീയതി 2.8.08 |
| 2004-05 | എൽ.എഫ്.ടി.21- 2440/07 തീയതി 2.8.08 |
| 2005-06 | എൽ.എഫ്.ടി.21-809/09 തീയതി 16.3.10/15.5.10 |
| 2006-07 | എൽ.എഫ്.ടി.21-809/09 തീയതി 16.3.10 /13.5.10 |
| 2007-08 2010-11 | എൽ.എഫ്.ടി.(ബി.പി) 2267/12 തീയതി 5.2.13/15.6.13 |
| 2011-12 | എൽ.എഫ്.ടി.(ബി.പി) 1584/2013/ തീയതി.9.14/13.3.14 |
| 2012-13 | എൽ.എഫ്.ടി.(ബി.പി) 1023/2014 തീയതി 10.10.14/24.11.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി.2) 1734/15തീയതി 8.12.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി1/1004/16 തീയതി 22.06.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി3/2050/16 തീയതി 30.01.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.പി1/1697/17 തീയതി 27.11.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.പി1/330/19 തീയതി 02.03.2019 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(പി.1)1472/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
ഫോൺ- 0487 2331249
e-mail: dotsr.ksad@kerala.gov.in

തീയതി.13/12/19

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്